(എ) സർക്കാർ സാങ്കേതിക കോളേജുകളിൽ വ്യവസായങ്ങൾക്കും മറ്റും ആവശ്യമായ കൺസൾട്ടൻസി സർവ്വീസിലൂടെ സേവനം നടത്തുവാൻ കഴിയുന്ന അദ്ധ്യാപകരുടെ ഒരു കേഡർ വാർത്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ ഉദ്ദേശത്തോടുകൂടി സാങ്കേതിക കോളേജ് അദ്ധ്യാപകർക്ക് എന്തെങ്കിലും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ;

(സി) വ്യവസായങ്ങൾക്കുവേണ്ടി കേസ് സ്റ്റഡി നടത്തുന്നതിനും അവ മെച്ചപ്പെട്ട നിലയിൽ നടത്തുന്നതിനുള്ള വിദഗ്ദോപദേശം നൽകുന്നതിനും ആവശ്യ മായ ആളുകളെ പ്രസ്തുത അദ്ധ്യാപകരിൽ നിന്ന് വളർത്തിയെടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർക്ക് ഇതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ എം. ടെക്, പി. എച്ച്. ഡി. എന്നിവ നേടുന്നതിന് വേണ്ട സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്തുതലത്തിലും ഗ്രാമപഞ്ചായത്തുതലത്തിലും ആവശ്യ മായ നിർദ്ദേശങ്ങളും കൺസൾട്ടൻസിയും നൽകി, അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്ന ഒരു സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്.

കേരള സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ അക്ഷരശ്രീ പ്രോജക്ട്

392 [2453] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ 'അക്ഷരശ്രീ' എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റിനായി പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കേന്ദ്രസർക്കാരിലേക്ക് ശുപാർശചെയ്ത് അയച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് എന്തു തുക ചെലവുവരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസത്തിന്റെ ഏതു സ്കീമിൽപ്പെടുത്തിയാണ് പ്രസ്തുത പ്രോജക്ട് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കീം നടപ്പിലാക്കിയാൽ എത്ര തസ്തികകൾ സൃഷ്ടി ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 12 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) പ്രത്യേക സ്കീമുകളിൽ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) നൂറിൽപ്പരം തസ്തികകൾ സൃഷ്ടിക്കാൻ കഴിയും.

(ഇ) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരവും ധനസഹായവും ലഭിക്കുന്നപക്ഷം, പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്പോഗ്രാഫിക് സെന്ററിന് ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ വിഹിതമായി അനുവദിച്ചിട്ടുള്ള തുക

393 [2454] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്പോഗ്രാഫിക് സെന്ററിന് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ വിഹിതമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തുക സ്ഥാപനത്തിന്റെ നടത്തിപ്പിനും വികസനത്തിനും പര്യാപ്തമാണെന്ന് കണക്കാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ തുക വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കെ. എസ്. എ. വി. ആർ. സി.-ക്ക് പൊതുമേഖലാ ബാങ്കുകളിൽ നിന്നും സ്ഥാപനത്തിന്റെ ആധുനികവൽക്കരണത്തിനും വിപുലീകരണത്തിനും വേണ്ടിയുള്ള പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ലോൺ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നിൽക്കുമോ; ഇതുസംബന്ധിച്ച് സർക്കാരിന്റെ എന്തെങ്കിലും പ്രോജക്ട് പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷം മുതൽ പ്ലാൻ ഇനത്തിൽ യാതൊരു വിഹിതവും നൽകുന്നില്ല. നോൺപ്ലാൻ ഇനത്തിൽ 18.03 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) സ്ഥാപനത്തിന്റെ വികസനത്തിനും നടത്തിപ്പിനും ഈ തുക തീരെ അപര്യാപ്തമാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ ഗ്യാരന്റിക്കുവേണ്ടി 3 വ്യത്യസ്ത പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly